**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **18-09-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിയിൽ നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിൽ പി.എച്ച് ഡിവിഷൻ കൊല്ലത്തിന്റെ 25 പ്രൊജക്റ്റുകളും, പ്രൊജക്റ്റ് ഡിവിഷൻ കൊല്ലത്തിന്റെ രണ്ട് പ്രവൃത്തികളുമാണ് പ്രധാനമായും ക്രമീകരിക്കപെട്ടിരിക്കുന്നത്. ഇതിൽ പി.എച്ച് ഡിവിഷൻ കൊല്ലത്തിന്റെ കീഴിലുള്ള പ്രൊജെക്ടുകളിൽ 24 എണ്ണം പൂർത്തീകരിച്ചവയാണ്.<br><br>ബാക്കിയുള്ള ഒരു പ്രവൃത്തി പ്രൊജക്റ്റ് ഡിവിഷൻ മുഖാന്തിരം ചെയ്ത കിഫ്ബി പദ്ധതി നിലവിൽ വന്നതിനാൽ ഉപേക്ഷിച്ചു. പ്രൊജക്റ്റ് ഡിവിഷൻ കൊല്ലത്തിന്റെ കീഴിൽ കിഫ്ബി സാമ്പത്തിക സഹായത്താൽ നിർവഹിക്കപ്പെടുന്ന കുടിവെള്ള ഉത്പാദന പ്രവൃത്തിയിൽ അട്ടതല പാലത്തിനു സമീപമുള്ള കിണറിന്റെയും അനുബന്ധ ജലവാഹക കുഴലിന്റെയും പ്രവൃത്തി, കാട്ടുപുറത്തു സ്ഥാപിതമായ 7.5 ദശലക്ഷം ഉത്പാദന ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ സ്ഥാപന പ്രവൃത്തി, അട്ടതലയിൽ ഇത്തിക്കര ആറിന് കുറുകെ നിലവിൽ ഉണ്ടായിരുന്ന തടയണയുടെ ശാക്തീകരണ പ്രവൃത്തി, കാട്ടുപുറം ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ജലശുദ്ധീകരണശാലയിൽ നിന്നും കല്ലുവാതുക്കൽ ജലസംഭരണി വരെയുള്ള ജലവാഹക കുഴലിന്റെ സ്ഥാപനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാമത്തെ പ്രവൃത്തിയായ കുടിവെള്ള വിതരണ ശൃംഖലയുടെ വിപുലീകരണവും ഗാർഹിക കണക്ഷനുകളുടെ നൽകലും ഉൾപ്പെടുന്ന പ്രവൃത്തി ജലജീവൻ മിഷൻ വഴിയും നടത്തപ്പെട്ടു വരുന്നു. പ്രസ്തുത പ്രവൃത്തിയിൽ നാളിതുവരെ 5664 ഗാർഹിക കണക്ഷനുകളും 212.14 KM ജലവിതരണ ശൃംഖലയും സ്ഥാപിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (ബി) | കിഫ്ബി സാമ്പത്തിക സഹായത്താൽ ക്രമീകരിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇത്തിക്കര ആറിന് കുറുകെ മണ്ണയത്ത് നിർമ്മിക്കപ്പെടുന്ന തടയണയുടെ 20% പ്രവൃത്തികൾ അവശേഷിക്കുന്നു. ആയത് 2025 ഡിസംബറോട് കൂടി പൂർത്തീകരിക്കുമെന്ന് പ്രതിക്ഷിക്കുന്നു. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുള്ള പ്രവൃത്തിയിൽ 3979 ഗാർഹിക കണക്ഷനുകളും 57.67 കി.മീ ജലവിതരണ കുഴലുകളും സ്ഥാപിക്കേണ്ടത് പൊതുമരാമത്തു നിരത്തുകളിൽ ആയതിനാൽ അവയുടെ അനുമതി പുനരുദ്ധാരണ ചെലവ് ഒടുക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകൂ. ബാക്കിയുള്ള പ്രവൃത്തികൾ 2027 മാർച്ചോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | കിഫ്ബി പദ്ധതി 2026 ജനുവരി മാസത്തിലും ജലജീവൻ മിഷൻ പദ്ധതി 2027 മാർച്ചിനകവും പൂർത്തീകരിച്ച കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ